Gazette No. 50 dated 20th December 1955.

കൃത്രിമബീജസങ്കലനം

കന്നുകാലിസമ്പത്തിൽ ഇന്ത്യ മററു പല രാജ്യങ്ങളേക്കാളും മേലെയാണല്ലോ. എന്നാൽ എണ്ണത്തിൽ മാത്രമേ നമുക്കു ഈ സ്ഥാനമുള്ളൂ. നല്ല ഇനം കന്നുകാലികൾ നമ്മുടെ നാട്ടിൽ വളരെ കുറവാണ്. വർദ്ധിച്ചുവരുന്ന ഈ നല്ല ഇനം കാലികളെ ഉണ്ടാക്കി ബീജസങ്കലനം നടത്തി നമ്മുടെ കന്നുകാലി സമ്പത്തിനെ മെച്ചപ്പെടുത്തിക്കൊണ്ടു വരുന്നതിനുള്ള ഒരു ശ്രമമാണ് കൃത്രിമ ഗർഭോൽപ്പാദനം. ഇതുകൊണ്ടുണ്ടാകുന്ന ഗുണങ്ങളെന്തെല്ലാമെന്നു നമുക്ക് നോക്കാം.

ഒരു നല്ല ഇനം കാളയെ ഒരു പ്രാവശ്യം ഗർഭോൽപ്പാദനം നടത്തുന്ന ബീജം ശേഖരിച്ചെടുത്ത് അതുകൊണ്ട് 20 മുതൽ 40 വരെ (ബീജഗുണമനുസരിച്ച്) പശുക്കളെ കൃത്രിമ ഗർഭോൽപ്പാദനം ചെയ്യിക്കാൻ കഴിയും. ഇതുമൂലം കുറച്ചു കാളകളെക്കൊണ്ടു കൂടുതൽ പശുക്കളിൽ നല്ല ഇനം പശുക്കുട്ടികളെ ഉൽപ്പാദിപ്പിക്കുന്നതിന് സാധിക്കുന്നു. ഉൽകൃഷ്ടതരം കാളകളിൽനിന്ന് ബീജം ശേഖരിച്ച് ദൂരസ്ഥലങ്ങളിലേക്കു കൊണ്ടുപോകുന്നതിനോ, കൊണ്ടുവരുന്നതിനോ ഇതുമൂലം സാദ്ധ്യമായിത്തീർന്നിട്ടുണ്ട്. സാമ്പത്തികവശങ്ങളിൽ കൂടി നോക്കുമ്പോഴും ഇതു വളരെ ഗുണകരമാണ്.

ഇനിയൊരു വശമുള്ളത് പ്രകൃത്യാ ഉള്ള ഗർഭോൽപ്പാദനത്തെക്കാളും ഇതു കൂടുതൽ ഫലവത്താകുന്നുവെന്നതാണ്. കൃത്രിമ ഗർഭോൽപ്പാദനം നടത്തുന്നവർ അതിനെക്കുറിച്ചു നല്ലപോലെ പഠിച്ച [illegible] ആളുകളുമാണ്. സാധാരണ പശുക്കളെ ചവിട്ടിക്കുന്നതിന് (കടപ്പിക്കുന്നതിന്) ഉപയോഗിക്കുന്ന കാളകൾ പല പശുക്കളെയും ചവിട്ടുന്നതുകൊണ്ട് ഏതെങ്കിലും പശുക്കളിൽനിന്ന് പലവിധ ലൈംഗികരോഗങ്ങളും പകരുന്നതിനും അതു മററു പല പശുക്കളിൽ പകരുന്നതിനും ഇടയാകുന്നുണ്ട്. ഈ വിധത്തിലുള്ള രോഗങ്ങൾ പ്രധാനമായി (Contageous bovine abortion) എന്നതിൽകൂടി പശുക്കളിലേക്കു പകർന്ന് പശുക്കൾക്ക് വന്ധ്യത ഉണ്ടാകുന്നുണ്ട്.

കൃത്രിമ ഗർഭോൽപ്പാദനംകൊണ്ട് ഈ വക ദോഷങ്ങൾ ഉണ്ടാകുന്നില്ല. പ്രകൃത്യാ ഉള്ള ഗർഭോൽപ്പാദനത്തിന്റെ [illegible] പശുക്കൾക്കും കൃത്രിമ ഗർഭോൽപ്പാദനം കൂടുതൽ സൗകര്യമായിരിക്കും. കൃത്രിമബീജസങ്കലനം തിരുവനന്തപുരം, നാഗർകോവിൽ, ആലപ്പുഴ, ഒല്ലൂര, പാറഞ്ചേര്, എറണാകുളം എന്നീ സ്ഥലങ്ങളിൽ സൗജന്യമായി ചെയ്തുവരുന്നു. കൂടാതെ 40 കൃത്രിമ ഗർഭോൽപ്പാദനകേന്ദ്രങ്ങൾ കൂടെ രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്ത് ഇവിടെ പ്രവർത്തനം തുടങ്ങുന്നതാണ്.

സി. ജി. കുഞ്ഞൻ,
വെറ്ററിനറി സർജൻ.

എറണാകുളം,
9-12-1955.

G 3267

അഖിലഭാരതമാതൃകാഗ്രാമപദ്ധതി

നമ്മുടെ നാട്ടിലുള്ള കന്നുകാലികളുടെ തൊഴിൽക്ഷമതയും വർദ്ധിപ്പിക്കുകയും പാലുല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് മാതൃകാഗ്രാമപദ്ധതിയുടെ പ്രധാന ലക്ഷ്യം. അഞ്ചു കൊല്ലങ്ങൾക്കുള്ളിൽ ഏതാണ്ട് 150 കൃത്രിമ ഗർഭധാരണ കേന്ദ്രങ്ങൾ സ്ഥാപിച്ച്, അവയോടനുബന്ധിച്ച് 600 മാതൃകാഗ്രാമകേന്ദ്രങ്ങളും നിർമ്മിക്കുന്നതിന് ഇതുമൂലം ഉദ്ദേശിക്കപ്പെട്ടിട്ടുണ്ട്. കന്നുകാലി അഭിവൃദ്ധിപദ്ധതി പോലുള്ള ദീർഘകാല പദ്ധതികൾ അല്പകാലത്തിനുള്ളിൽ നടപ്പിൽവരുത്തുക പ്രയാസമാണ്. നാലോ അഞ്ചോ കന്നുകാലിപരമ്പരകൊണ്ടു മാത്രമേ ഈ പദ്ധതി വിജയകരമാക്കാൻ സാധിക്കൂ. അതിനാൽ ഈ പദ്ധതിക്ക് ഒരു സുദീർഘകാലം അത്യന്താപേക്ഷിതമാണത്രെ.

ഈ മാതൃകാഗ്രാമപദ്ധതി അഖിലഭാരത കാർഷികഗവേഷകന്മാരുടെ ചിരകാലഗവേഷണത്തിന്റെ ഫലമായി ആവിർഭവിച്ചിട്ടുള്ളതാണ്. ഭാരതത്തിലെ കന്നുകാലികളുടെ വളർച്ച അനാദികാലംമുതൽ പരിമിതമാണെന്ന് അവർ മനസ്സിലാക്കി. നല്ലതരം കന്നുകാലികളുടെ അഭാവവും, അവ ശാസ്ത്രീയമായ രീതിയിൽ പരിപാലിക്കപ്പെടാത്തതും, പോഷകാഹാരങ്ങൾ നൽകപ്പെടാത്തതും, നിരന്തര സാംക്രമികരോഗങ്ങൾ ബാധിക്കപ്പെടുന്നതും, ഈ രോഗങ്ങളിൽനിന്നും രക്ഷനേടുന്നതിനാവശ്യമായ പ്രതിക്രിയാത്മകമായ ഔഷധങ്ങൾ കണ്ടുപിടിക്കപ്പെടാതിരുന്നതുമാണ് ഈ അഭിവൃദ്ധിക്കാവിനുള്ള കാരണങ്ങൾ. മാത്രമല്ല, കന്നുകാലികളിലും അവയിൽനിന്നും ലഭിക്കുന്ന ഇതര സാധനങ്ങളിലും നിന്ന് ശരിയായ ആദായം കിട്ടുന്നതിനും നിവൃത്തിയില്ലാതിരുന്നു. അതിനു കാരണം, ഈ സാധനങ്ങൾ നല്ല വിലയ്ക്കു വില്ക്കുന്നതിന് ആവശ്യമായ വിപണികൾ ഇല്ലാതിരുന്നതുകൊണ്ടാണ്. ഈ കാര്യങ്ങൾ നല്ലവണ്ണം മനസ്സിലാക്കി നമ്മുടെ സർക്കാർ അവയെ പരിഹരിക്കുവാൻ നടപ്പിൽ വരുത്തിയിട്ടുള്ളതാണ് ഈ മാതൃകാഗ്രാമപദ്ധതി.

ഈ നാട്ടിലെ അത്യന്താപേക്ഷിതമായ ആവശ്യങ്ങൾ നിറവേറുന്നതിന് ഏകദേശം 2½ ലക്ഷം കാളകൾ വേണ്ടതാണ്. എന്നാൽ ഈ രാജ്യത്തിലെ ഗവണ്മെന്റ് ഗോശാലകളിൽനിന്നും കിട്ടുന്ന കാളക്കുട്ടികൾ ആയിരത്തിലും കുറവാണ്. അതായത് നാട്ടിനാവശ്യമുള്ള നല്ലതരം കാളകളിൽ ഇരുന്നൂറ്റിഅൻപതിൽ ഒരു ഭാഗം മാത്രമേ ലഭിക്കാൻ സൗകര്യമുള്ളൂ. ഈ വിധത്തിൽ കിട്ടാവുന്ന കാളകളെയുംകൂടി നിശ്ചിത പദ്ധതിയനുസരിച്ച് ആവശ്യമുള്ള സ്ഥലങ്ങളിൽ കൊണ്ടുചെന്ന് ഉപയോഗപ്പെടുത്താത്തതിനാൽ വിശേഷമായ പ്രയോജനം ലഭിക്കാൻ ഇടയായിട്ടില്ല. സൗകര്യമുള്ള സ്ഥലങ്ങളെ കീഴ്ത്തരം കാളക്കുട്ടികളെ വരിയുടയ്ക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കപ്പെട്ടില്ല. അതുകൊണ്ടാണ് നിശ്ചിത കേന്ദ്രങ്ങളിൽ ഈ മാതൃകാഗ്രാമപദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതിക്കായുള്ള കേന്ദ്രങ്ങളിൽ കന്നുകാലികളെല്ലാം സംരക്ഷിതസ്ഥാനങ്ങളിൽ ഒന്നിച്ചു നിറുത്തി സംരക്ഷിക്കപ്പെടുന്നു. പല കൊല്ലങ്ങൾകൊണ്ടു അനേക തലമുറകളായി നിരന്തരം അഭിവൃദ്ധി വരുത്തുന്നതിനുള്ള എല്ലാ ഏർപ്പാടുകളും പദ്ധതിയാൽ ചെയ്യപ്പെട്ടിട്ടുണ്ട്.

നമ്മുടെ രാജ്യത്തിലുള്ള മൂന്നിലൊന്നു കന്നുകാലികൾക്കുപോലും ശാസ്ത്രീയമായി ആവശ്യമുള്ള ആഹാരസാധനങ്ങൾ ലഭിക്കുന്നില്ല. കന്നു

കാലികളുടെ വളർച്ചയ്ക്ക് ഇവ അത്യാവശ്യമാകയാൽ അവയുടെ സംഖ്യ വർദ്ധിക്കുന്നതിന് പോഷകമായ ആഹാരങ്ങൾ ലഭിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്. ഈ ഗ്രാമങ്ങളിലുള്ള മേച്ചിൽസ്ഥലങ്ങളിൽനിന്നും സാധാരണ ലഭിച്ചുവരുന്ന പുല്ലിനേക്കാൾ കൂടുതൽ കിട്ടത്തക്കവണ്ണം ആധുനിക രീതിയിൽ ശാസ്ത്രീയമായ വളങ്ങളിട്ട് പുല്ല് കൃഷി ചെയ്യേണ്ടതാണ്. കൂടാതെ നല്ലതരം പുല്ലുകൾ തിരഞ്ഞെടുത്ത് കൃഷി ചെയ്യുന്നതും, കന്നുകാലികൾക്കു കൊടുത്തുവരുന്ന ഇതര ആഹാരസാധനങ്ങളുടെ തരം നിശ്ചയിക്കപ്പെടുന്നതും ആവശ്യമായിരിക്കും. മാതൃകാഗ്രാമ പദ്ധതികേന്ദ്രങ്ങളിൽ മേൽപ്രസ്താവിച്ച എല്ലാ സൗകര്യങ്ങൾക്കും പരിഗണന നല്കുന്നതാണ്. അതായത് ഗവേഷണമൂലം ഉയർന്നതരം എന്നു കണ്ടെത്തപ്പെടുന്ന പുല്ലുകളെ വളർത്തുക, അവയെ നാട്ടിൽ വ്യാപിപ്പിക്കുക, ആധുനിക ശാസ്ത്രീയവളങ്ങൾ ഉപയോഗിച്ച് അവയുടെ ഉൽപാദനം വർദ്ധിപ്പിക്കുക, കൂടുതലായി ലഭിക്കുന്ന പക്ഷം, പുല്ല് മുതലായവയെ ശാസ്ത്രീയമായ രീതിയിൽ സംഭരിക്കുന്നതിനുള്ള അറിവ് കർഷകർക്കുണ്ടാക്കുക, അതനുസരിച്ച് നടക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുക എന്നീ കൃത്യങ്ങൾ കേന്ദ്രങ്ങൾ ഏറ്റു നടത്തുന്നതായിരിക്കും.

നമ്മുടെ നാട്ടിൽ കന്നുകാലിചികിത്സാസമ്പ്രദായം ഗവൺമെന്റിൽനിന്നും വളരെക്കാലമായി നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിലും ഗ്രാമീണരുടെ അജ്ഞതയാലും കന്നുകാലിചികിത്സാവിദഗ്ദ്ധന്മാരുടെ പരിമിതിയാലും, കന്നുകാലികൾ റിൻഡർപെസ്റ്റ്, ബ്ലാക്ക് ക്വാർട്ടർ എന്നീ ആകസ്മിക മഹാരോഗങ്ങളാൽ ചത്തൊടുങ്ങുന്നു. തന്മൂലം പ്രതിവർഷം അനേകായിരം കന്നുകാലികൾ നമുക്ക് നഷ്ടമാകുന്നു. മേൽപ്രസ്താവിച്ച ഗ്രാമപദ്ധതിയാൽ അതാതു കേന്ദ്രപരിസരത്തിലുള്ള എല്ലാ കന്നുകാലികളും ഈ രോഗങ്ങൾക്കുള്ള പ്രത്യൗഷധങ്ങൾ തക്കകാലങ്ങളിൽ കുത്തിവയ്ക്കപ്പെട്ട് സംരക്ഷിക്കപ്പെട്ടുവരും. ഈ രീതി ഭാവിയിൽ നിരന്തരം നടക്കുന്നതാണ്.

കന്നുകാലികൾക്ക് ആവശ്യമായ ആഹാരസാധനങ്ങൾ അവ ധാരാളമായി ലഭിക്കുന്ന സ്ഥാനങ്ങളിൽനിന്ന് കുറഞ്ഞ വിലയ്ക്കു മൊത്തമായി വാങ്ങുന്നതിനും, വാങ്ങിയ സാധനങ്ങളെ ന്യായമായ നിരക്കിൽ ഗ്രാമീണർക്ക് വീതിച്ചുകൊടുക്കുന്നതിനും ആവശ്യത്തിൽ കവിഞ്ഞ് അവർ വളർത്തുന്ന കന്നുകാലികളെയും സംസ്കൃതസാധനങ്ങളെയും ആവശ്യപ്പെടുന്ന ഇതര കേന്ദ്രങ്ങളിൽ കൊണ്ടുചെന്ന് വില്ക്കുന്നതിനും, ആ ഗ്രാമങ്ങളിൽ വിവിധോദ്ദേശസഹകരണസംഘം സ്ഥാപിച്ചു വ്യക്തികളെ അതിന്റെ അംഗങ്ങളാക്കുക അത്യന്താപേക്ഷിതമാണ്. ഈ മാർഗ്ഗം അവലംബിക്കുന്നതുകൊണ്ട് ഇടയ്ക്കുനിന്നും ആദായം നേടുന്ന മദ്ധ്യസ്ഥരെ മാറ്റി നിറുത്താം. ഈ തൊഴിൽ ജീവിതമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള സാധുജനങ്ങളുടെ ആദായം സമുചിതമായി വർദ്ധിപ്പിക്കാം. അതിനാൽ മാതൃകാഗ്രാമപദ്ധതി നടപ്പിലുള്ള എല്ലാ സ്ഥലത്തും പല സംഘങ്ങൾ സ്ഥാപിക്കുവാൻ വേണ്ട പരിശ്രമം ചെയ്യുന്നതാണ്.

അടുത്ത കാലത്ത് എടുത്ത കണക്കനുസരിച്ച് പ്രതിവർഷം 750 മേത്തരം കാളകളെ മാത്രമേ നമ്മുടെ ഗവൺമെന്റ് ഉൽപാദിപ്പിക്കുന്നുള്ളൂ. പദ്ധതി നടപ്പിലുള്ള ഒരു കേന്ദ്രത്തിന് ഏകദേശം 5 കാളകളെങ്കിലും വേണ്ടതാണെന്ന് അഭിപ്രായപ്പെടുന്ന സ്ഥിതിക്ക് ഉള്ള കാളകളെക്കൊണ്ട് 150 കേന്ദ്രങ്ങളിൽ മാത്രമേ ഈ പദ്ധതി പ്രയോഗിക്കുവാൻ ന്യായമുള്ളൂ. നാലു കൊല്ലങ്ങൾകൊണ്ട് ഉദ്ദേശം 600 കേന്ദ്രങ്ങളിൽ

ഈ പദ്ധതി കൈവരുത്താൻ കഴിയും. നാലു വർഷംകൊണ്ട് പഴയ കാളകളെ മാറ്റേണ്ടത് അത്യാവശ്യമാകയാൽ അഞ്ചാം കൊല്ലത്തിന്റെ ആരംഭത്തിൽ ആദ്യത്തെ വർഷത്തിൽ ആരംഭിച്ച സ്ഥലത്ത് ഉൽപ്പാദിക്കപ്പെടുന്ന കാളകളെ ഉപയോഗശൂന്യമായിത്തീർന്ന കാളകൾക്കു പകരം നൽകുന്നതിനുള്ള സൗകര്യമുണ്ടാകുന്നതാണ്. ഈ വിധം 600 സ്ഥലങ്ങളിൽ മാതൃകാഗ്രാമപദ്ധതിയും, അതിനോടൊത്ത് 150 കൃത്രിമകന്നുകാലി ഉൽപ്പാദനകേന്ദ്രങ്ങളും സ്ഥാപിക്കുക സാദ്ധ്യമായിത്തീരും.

ഈ പദ്ധതി പ്രായോഗികമാക്കുന്നതിനുമുമ്പ് ചില പ്രാരംഭ നടപടികൾ സ്വീകരിക്കേണ്ടതാവശ്യമാണ്. ആദ്യമായി നാട് പല മേഖലകളായി പിരിക്കപ്പെടും. അവയിൽ സൗകര്യമുള്ള ചില സ്ഥലങ്ങൾ ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന് പറ്റിയതാണെന്ന് തിരഞ്ഞെടുക്കും. സാധാരണയായി നാട്ടിന്റെ എല്ലാ ഭാഗങ്ങളിലും മേത്തരം കന്നുകാലികൾ കാണപ്പെടുന്നില്ല. ചില ഉൾപ്രദേശങ്ങളിൽമാത്രം നല്ലജാതി കന്നുകാലികളും ആവശ്യത്തിനുപരി വിത്തുകാളകളും കാണപ്പെടുന്നു. ഈ സ്ഥലത്തുള്ള മേത്തരം കാളകളെക്കൊണ്ട് അന്യസ്ഥലത്ത് കാണപ്പെടുന്ന താഴ്ന്നതരം കന്നുകാലികളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പരിശ്രമം നടത്തുന്നതാണ്. പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ ആരംഭത്തിൽത്തന്നെ നിശ്ചയിക്കപ്പെടും. പദ്ധതി ഏറെറടുത്തിട്ടുള്ള രാജ്യങ്ങളെല്ലാം വംശപാരമ്പര്യമുള്ള കാളകളെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ചുമതല വഹിച്ചിട്ടുള്ളതാണ്. അങ്ങനെ ആ നാട്ടിലുള്ള എല്ലാ ജനങ്ങളുടേയും നന്മയ്ക്കായി പദ്ധതി പ്രയോജനപ്പെടുത്തുവാൻ സർക്കാർ കഴിയുന്നിടത്തോളം പ്രവർത്തിക്കുന്നതാണ്.

മാതൃകാ ഗ്രാമപദ്ധതി.

പദ്ധതി നടപ്പിലുള്ള സ്ഥലങ്ങളെല്ലാം കന്നുകാലികളുടെ പ്രബലോൽപ്പാദന കേന്ദ്രമായി പ്രവർത്തിക്കുന്നതാണ്. കന്നുകാലി ഉൽപ്പാദനം, കന്നുകാലികളുടെ രോഗങ്ങൾ തടയുക, പ്രതിവിധിയ്ക്കായി മരുന്നുകൾ നൽകുക, ശാസ്ത്രീയമായ ആഹാരങ്ങൾ നൽകാൻ ഉപദേശിക്കുക, കന്നുകാലി വളർത്തൽ സംബന്ധിച്ച് ജനങ്ങൾക്ക് അറിവുണ്ടാക്കുക, കൂടിയ വിലയ്ക്കെടുത്ത് വിൽപ്പനമൂലം ആദായം വർദ്ധിപ്പിക്കുക തുടങ്ങിയ എല്ലാംകൊണ്ടുമുള്ള ശ്രദ്ധ പതിപ്പിക്കുകയത്രേ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

ഈ പദ്ധതി നടപ്പിലാക്കുവാൻ കുറഞ്ഞപക്ഷം 500 വളർച്ചയുള്ള കറവപ്പശുക്കൾ ഉണ്ടായിരിക്കണം. ഉപയോഗശൂന്യമായ കാളകളെ വന്ധ്യംകരണം ചെയ്ത് അവയുടെ ഉൽപ്പാദനശക്തി നശിപ്പിക്കേണ്ടതാണ്. സാധാരണ വന്ധ്യംകരണ രീതിയിലോ കൃത്രിമരീതിയിലോ ഉൽപ്പാദനത്തിന് സകല സൗകര്യങ്ങളും ഇവിടെ ചെയ്തുകൊടുക്കപ്പെടും. ആ സ്ഥലത്തിന്റെ പരിസരത്തുള്ള കന്നുകാലികളെ എല്ലാം സാധാരണ ബാധിക്കാവുന്ന സാംക്രമിക രോഗങ്ങൾ പിടിപെടാതെ പ്രത്യേക ഔഷധങ്ങൾ കുത്തിവച്ച് സംരക്ഷിക്കപ്പെടും. കന്നുകാലികളെ ശരിയായി വളർത്തുന്നതിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തുകൊടുക്കപ്പെടുന്നതാണ്. പോഷകാഹാരങ്ങൾ യഥാകാലം കർഷകർക്ക് ആവശ്യമായി ഉപദേശങ്ങളും സഹായങ്ങളും നൽകും. മാത്രമല്ല ദൈനംദിനം മറ്റു പ്രയോജനകരമാക്കുന്നതിനും പരിശ്രമിക്കുന്നതായിരിക്കും.

കന്നുകാലികളെ വളർത്തുന്നവർക്ക് അധികലാഭം ഉണ്ടാക്കുന്നതിന് സഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതിനും മറ്റും വേണ്ട ഒരുക്കങ്ങൾ ഉപദേശിക്ക

ഷിപ്പും. സംഘങ്ങൾമൂലം വിൽപ്പനയും വിലയ്ക്കു വാങ്ങലും നടക്കുന്നപക്ഷം നല്ല ആദായം ലഭിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ആകയാൽ അധികാരികൾ ഈ വിഷയത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതു് അത്യാവശ്യമാണ്.

കന്നുകാലി അഭിവൃദ്ധിയെന്നാൽ എന്തു്?

നല്ല കാളകളെക്കൊണ്ടു് കന്നുകാലികളുടെ തരം നന്നാക്കേണ്ടതാവശ്യമെന്നു് കരുതാമെങ്കിലും അതുമാത്രംകൊണ്ടു് അഭിവൃദ്ധി പ്രാപിക്കാൻ സാദ്ധ്യമല്ല. തന്തയും തള്ളയും മേൽത്തരമായിരുന്നാൽ സന്തതികളും മേൽത്തരമായിരിക്കുമെന്നു വരില്ല. അവയുടെ ഗുണങ്ങൾ കന്നുകളിൽ സ്ഥിരമായി പ്രതിഫലിച്ചു് കാണുന്നതിന് നാം പല കാര്യങ്ങളിലും ശ്രദ്ധിക്കേണ്ടതുണ്ടു്. തന്തയും തള്ളയും മേൽത്തരമായിരിക്കുന്നതിനു് പുറമേ, പോഷകാഹാരങ്ങൾ നൽകുക, രോഗം വരാതെ സൂക്ഷിക്കുക, പ്രകൃതിയിലെ അവസ്ഥാന്തരങ്ങളാൽ അവ ബാധിക്കപ്പെടാതെ കാത്തുരക്ഷിക്കുക, നല്ല പരിപാലനസമ്പ്രദായം സ്വീകരിച്ചു് അഭിവൃദ്ധിയുണ്ടാക്കുക തുടങ്ങിയ പല വിഷയങ്ങളിലും ശ്രദ്ധ പതിപ്പിക്കേണ്ടതാവശ്യമാകുന്നു. ഇവയെ സമഗ്രമായി സാഹചര്യം അല്ലെങ്കിൽ പരിതഃസ്ഥിതിയെന്നു പറയാം. നല്ലജാതി ഇനങ്ങളിൽനിന്നും മേൽത്തരം കന്നുകൾ ഉൽപ്പാദിപ്പിക്കാമെങ്കിലും പരിതഃസ്ഥിതിയുടെ ആനുകൂല്യവും വളർച്ചയ്ക്കു് അത്യാവശ്യമാണ്. സാഹചര്യം അനുയോജ്യമല്ലെങ്കിൽ അതിനനുസരണമായി എത്ര മേൽത്തരം ജാതിയിൽനിന്നും ജനിച്ചതായാലും അവ തരത്തിൽ മോശപ്പെട്ടു് പോകാനിടയുണ്ടു്. പരിതഃസ്ഥിതിയെക്കുറിച്ചു് പലതും പ്രസ്താവിച്ചു് കഴിഞ്ഞു എങ്കിലും ആഹാരമാണ് അവയ്ക്കു് മുഖ്യം. ഇൻഡ്യയിലെ കന്നുകാലികൾ അനേക വർഷങ്ങളായി പരമ്പരയാ ഗുണത്തിൽ മികച്ചവയാണെന്നു് ഗവേഷകന്മാർ അഭിപ്രായപ്പെട്ടു് കഴിഞ്ഞിട്ടുണ്ടെങ്കിലും ഇന്നുവരെ ആ ഗുണവിശേഷങ്ങൾ ശരിയായി പ്രതിഫലിച്ചു് കാണുന്നില്ല. ഒത്തിണങ്ങുന്ന ആഹാരസാധനങ്ങളാലും, നല്ല പരിപോഷണവിധികൊണ്ടും കന്നുകാലികളുടെ വളർച്ചയിൽ ആകസ്മികമായ ഒരു പരിവർത്തനമുണ്ടാക്കാൻ കഴിയും. ഈ രഹസ്യം അനുഭവത്തിൽ പ്രത്യക്ഷമായിട്ടുള്ള സത്യം മാത്രമാണ്. അങ്ങുമിങ്ങും ഏതാനും വ്യക്തികൾ മാത്രം പ്രയത്നിച്ചാൽ അതുകൊണ്ടു് ഉദ്ദിഷ്ടഫലം സിദ്ധിക്കയില്ല. സുസ്ഥിരമായ ഒരു പ്രത്യേക പദ്ധതിയനുസരിച്ചു് പ്രവർത്തിക്കേണ്ടതു് സംഗതവും, ഫലസിദ്ധിക്കു് പര്യാപ്തവുമായിരിക്കും. പാൽ ധാരാളം ലഭിക്കുന്ന കറവപ്പശുക്കളെയും, പണിയെടുക്കുന്നതിന് നല്ല ശേഷിയും കരുത്തുമുള്ള കാളകളെയും പരിശോധിച്ചു് ഉൽപ്പാദിപ്പിക്കണമെങ്കിൽ നല്ല ആഹാരങ്ങൾ കൊടുക്കുന്നതിലും, പോഷണപരിപാലനാദി കാര്യങ്ങളിലും നൂതന ശാസ്ത്രീയമാർഗ്ഗങ്ങളെ ആശ്രയിക്കേണ്ടതാകുന്നു. രോഗം ബാധിക്കാതെ മുൻകരുതലുകൾ ചെയ്യുകയും, ആദായം അധികം ലഭിക്കത്തക്കവണ്ണം വിപണികൾ സഹകരണമായി സ്ഥാപിക്കുകയും ചെയ്യുക അത്യാവശ്യമാണ്. ഈപ്രകാരം നാനാമാർഗ്ഗങ്ങളിൽ നാം പ്രയത്നിക്കുന്നപക്ഷം പദ്ധതി വിജയിക്കുമെന്നു് മാത്രമല്ല പ്രതീക്ഷിതഫലം നിഷ്പ്രയാസം കൈവരിക്കയും ചെയ്യുമെന്നതിൽ സംശയമില്ല.

സ്ഥാന നിർണ്ണയം.

പദ്ധതി നടപ്പിലാക്കപ്പെടുന്ന സ്ഥാനങ്ങൾ കന്നുകാലികളെ സ്വന്തം സ്വത്തായി കരുതുന്ന ആളുകൾ അധിവസിക്കുന്നവയായിരിക്കണം.

അല്ലാതെ ഓരോകാലത്തും പലസ്ഥലങ്ങളിലും കൊണ്ടുചെന്ന കന്നുകാലികളെ സംരക്ഷിച്ച് ജീവിതം കഴിക്കുന്നവർ താമസിക്കുന്ന കേന്ദ്രങ്ങളിൽ ഈ പദ്ധതി വിജയകരമായി നടത്താൻ കഴിയുകയില്ല. ഒരേ സ്ഥലത്തു സ്ഥിരവാസം ചെയ്യുന്നവ്യക്തികൾ അവരുടെ നിരീക്ഷണത്തിൽതന്നെ കന്നുകാലികളെയും വളർത്തും. അതിനാൽ അധികൃതർക്ക് തങ്ങൾ സ്വീകരിച്ചിട്ടുള്ള നൂതന മാർഗ്ഗങ്ങളിൽനിന്നും ആ സ്ഥലത്തെ കന്നുകാലികൾക്ക് പരമ്പരാഗതമായി ചിരകാലംകൊണ്ട് എത്രമാത്രം അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്ന് അപ്പോഴപ്പോൾ അറിയുവാനുള്ള സൗകര്യമുണ്ടായിരിക്കും. ഇങ്ങനെ അറിയുവാനുള്ള അവസരം ലഭിക്കുമ്പോൾ അത്യാവശ്യമെന്നു തോന്നുന്ന പല നൂതനമാർഗ്ഗങ്ങളിൽ പുരോഗമനത്തിനുവേണ്ടി ഉത്തരോത്തരം പ്രവർത്തിക്കുവാൻ എളുപ്പമായിരിക്കും. അപ്പോഴെല്ലാം അവിചാരിതമായി കന്നുകാലികളെ വിറ്റുവരുന്ന സമ്പ്രദായം കുറഞ്ഞു പോകുന്നു. എന്തെന്നാൽ നല്ല കാളകളെ കൂടക്കൂടെ വില്ക്കുവാൻ ഇടയില്ലല്ലോ.

ക്ഷീരവ്യവസായം ജീവിതമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളും ഈ പദ്ധതിക്കു യോജിച്ചവയല്ല. എന്തുകൊണ്ടെന്നാൽ അവർ പാൽക്കറവ വർദ്ധിപ്പിക്കുന്നതിന് മാത്രമേ ശ്രദ്ധപതിപ്പിക്കയുള്ളൂ. നല്ല കാളകളെ ഉൽപ്പാദിപ്പിക്കുന്നതിലോ കന്നുകാലികളെ ശരിയായി വളർത്തുന്നതിലോ വേണ്ടിടത്തോളം താല്പര്യം പ്രദർശിപ്പിക്കയില്ല. തന്നിമിത്തം നമുക്ക് ആവശ്യമുള്ള മേൽത്തരം കാളകൾ സുലഭമല്ലാതായിത്തീരുന്നു.

മേൽ പ്രസ്താവിച്ച കാര്യങ്ങൾക്കുപുറമേ പദ്ധതിക്കായി തിരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ കന്നുകാലികൾക്കു മേച്ചിലിന്നാവശ്യമായ പ്രദേശങ്ങൾ സുലഭമായിരിക്കേണ്ടതാണ്. നെല്ലുതുടങ്ങിയ ധാന്യങ്ങൾ കൃഷിചെയ്യപ്പെടുന്ന ഫലഭൂയിഷ്ഠമായ പ്രദേശങ്ങൾ ആ പരിസരത്തിലുണ്ടായിരിക്കുന്നതും നല്ലതാണ്. എന്തുകൊണ്ടെന്നാൽ അവയിൽനിന്നും ആവശ്യമുള്ള പുല്ലു കിട്ടാൻ സൗകര്യമായിരിക്കും. പുകയില മുതലായ അമിതാദായകരമായ കൃഷിനടത്തുന്ന സ്ഥലങ്ങൾ പദ്ധതിപ്രായോഗികമാക്കുവാൻ ഒട്ടും പറ്റിയതായിരിക്കയില്ല. അവിടെ വേണ്ടത്ര പുല്ലു കിട്ടുകയില്ലെന്നു മാത്രമല്ല ആ വ്യവസായികൾക്കു കന്നുകാലികളുടെ ആവശ്യമില്ലാത്തതുകൊണ്ട് അവർ അവയെ മാനിച്ചു വളർത്താൻ ഇടയാകുകയില്ല.

മാതൃകാഗ്രാമപദ്ധതികേന്ദ്രം കൃത്രിമ കന്നുകാലി ഉൽപ്പാദനസമ്പ്രദായം നടപ്പിലുള്ള സ്ഥലങ്ങൾക്കു സമീപമായിരിക്കുന്നത് ആശാവഹമാണ്. അകലം അഞ്ചുമൈലിൽ കവിഞ്ഞുകൂടാ. ആ പ്രദേശം ഏകദേശം 500 മേൽത്തരം കറവ മാടുകളെക്കൊണ്ട് നിറഞ്ഞതായിരിക്കണം. വിശേഷിച്ചും തിരഞ്ഞെടുക്കപ്പെടുന്ന ആ പ്രദേശം മലകൾ, നദികൾ തുടങ്ങിയ പ്രാകൃതികപരിധികളാൽ സമീപഭൂമിയിൽനിന്നും വേർതിരിക്കപ്പെടാൻ സൗകര്യമുള്ളതാണെങ്കിൽ, കേന്ദ്രത്തിലുള്ള കന്നുകാലികൾക്ക് സ്വതന്ത്രമായി അഭിവൃദ്ധിപ്രാപിക്കുന്നതിനും സമീപസ്ഥങ്ങളായ അന്യഗണങ്ങളുടെ സമ്പർക്കമില്ലാതെ [illegible]മായി വളരുന്നതിനും വളരെ അനുകൂലമായിരിക്കും. ഇത്തരത്തിലുള്ള ഒരു കേന്ദ്രത്തിൽ കന്നുകാലികൾ 500-ൽ കവിയുകയോ, കുറയുകയോ ചെയ്യാൻ പാടില്ല. അതു പദ്ധതി പരാജയപ്പെടുന്നതിനിടയാക്കും.

അവിടത്തെ ജനങ്ങൾ അഭ്യസ്തവിദ്യരും, പുരോഗമനോന്മുഖരും ആണെങ്കിൽ ഏററവും നന്നായിരിക്കും. എന്തുകൊണ്ടെന്നാൽ സംശയമില്ലാതെ ഉന്മുഖരായി അവരെല്ലാം അധികൃതരുമായി സഹകരിച്ചെങ്കിൽ മാത്രമേ പദ്ധതിക്കു വിജയം ഉണ്ടാകുകയുള്ളു. ഉല്പതിഷ്ണുക്കളായ ജനങ്ങളിൽനിന്നു മാത്രമേ അധികൃതർക്കു സഹായസഹകരണങ്ങൾ പ്രതീക്ഷിക്കാൻ കഴിയൂ. ഇതരങ്ങളായ ഏതെങ്കിലും വികസനപദ്ധതികൾ വിജയിച്ചിട്ടുള്ള സ്ഥാനങ്ങളിലാണെങ്കിൽ ഈ പദ്ധതിക്കു വേണ്ടത്ര ആദരവു ലഭിക്കുമെന്നതിൽ പക്ഷാന്തരമില്ല.

മേൽത്തരം പശുക്കളും വളർത്തപ്പെടുന്ന കുടുംബങ്ങളും അധികമായി അധിവസിക്കുന്നസ്ഥാനങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതു നല്ലതാണ്. അവരുടെ സഹായസഹകരണങ്ങളോടു നല്ലതരം വിത്തുകാളകളെ ഉപയോഗപ്പെടുത്തി ആവശ്യമുള്ള അന്യസ്ഥാനങ്ങളിൽ കൊണ്ടുചെന്നു ഈ പദ്ധതിയെ കുറെക്കൂടി വ്യാപിപ്പിച്ചു ഫലപ്രദമാക്കാൻ കഴിയും.

കന്നുകാലികളുടെ അഭിവൃദ്ധിയെന്നാലെന്താണെന്നും അതിലേയ്ക്കു തിരഞ്ഞെടുക്കപ്പെടുന്ന പരിസരങ്ങൾ എങ്ങനെയിരിക്കണമെന്നും അഭിവൃദ്ധിയാൽ ഏതേതു അംശങ്ങളിലാണു ശ്രദ്ധിക്കേണ്ടതെന്നും മുൻപു പ്രസ്താവിച്ചുവല്ലോ. കന്നുകാലികളെ കൃത്രിമമായി ഉല്പാദിപ്പിക്കുന്നതു സൗകര്യപ്രദവും അർത്ഥലാഭദായകവുമാണെന്നും അതിനോടു ബന്ധപ്പെട്ട ഗ്രാമവാസികൾക്കു അറിയാമെങ്കിലും എല്ലാവർക്കും അതിനെക്കുറിച്ചു വേണ്ടത്ര അറിവു ലഭിച്ചിട്ടില്ല. ആ നിലയ്ക്കു കൃത്രിമകന്നുകാലി ഉല്പാദനസമ്പ്രദായത്തെക്കുറിച്ചു സാമാന്യമായി പ്രതിപാദിക്കുന്നതു ഉചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഭാരത കാർഷിക ഗവേഷണ സംഘത്തിന്റെ നേതൃത്വത്തിൽ ഉത്തരപ്രദേശത്തിലെ 'ഇസഡ്' നഗര കന്നുകാലി ഗവേഷണശാലയിൽ ഉദ്ദേശം പതിനഞ്ചു കൊല്ലങ്ങൾക്കു മുൻപു പരിശോധനാർത്ഥം മേൽത്തരം കാളകളിൽനിന്നു ശാസ്ത്രീയരീതിയിൽ ബീജം (ശുക്ലം) ശേഖരിച്ചു പശുക്കളിൽ കൃത്രിമമായി ഗർഭോല്പാദനമുണ്ടാക്കി. അതിൽ വലുതായ ഗുണം ഉണ്ടെന്നു കണ്ടു ഉത്തരപ്രദേശത്തിലെ വിവിധ കേന്ദ്രങ്ങളിലും ഈ പദ്ധതി അനുവർത്തിക്കുവാൻ തുടങ്ങി. ഇന്നവിടങ്ങളിൽ സ്വാഭാവികരീതിയിൽ കാളയ്ക്കു ചേർക്കുക വിരളമായി തീർന്നിട്ടുണ്ട്. നമ്മുടെ ഗവൺമെന്റും ഈ പരീക്ഷണങ്ങളെ തൃപ്തികരമാക്കി ഇവിടെ പ്രായോഗികമാക്കിയിട്ടുണ്ട്. അതിലേയ്ക്കു ഓരോ കേന്ദ്രത്തിലും വിവിധ തരത്തിലുള്ള മേൽത്തരം കാളകളെ സംരക്ഷിച്ചു വരുന്നു. കാളകളിൽനിന്നും ബീജം ശേഖരിച്ചു വയ്ക്കുന്നതിലും അതുപയോഗിച്ചു കർഷകരുടെ ആവശ്യമനുസരിച്ചു പശുക്കളിൽ ഗർഭോല്പാദനം ഉണ്ടാക്കി വരികയും ചെയ്യുന്നു. ഇപ്പോൾ ഇങ്ങനെ പ്രവർത്തിക്കുന്ന അഞ്ചു പ്രധാന കേന്ദ്രങ്ങൾ സംസ്ഥാനത്തിലുണ്ട്. അവ തിരുവനന്തപുരം, കോട്ടയം, ഉള്ളൂർ, എറണാകുളം, നാഗർകോവിൽ എന്നിവയാണ്. പശുക്കൾക്കു കാളയെ ചേർക്കേണ്ട ലക്ഷണം കണ്ടാൽ ഉടൻതന്നെ 18 മണിക്കൂറിനകം കേന്ദ്രങ്ങളിൽ കൊണ്ടുചെന്നു കൃത്രിമരീതിയിൽ ഗർഭോല്പാദനം ഉണ്ടാക്കി വരുന്നതിന്റെ ഫലമായി കേന്ദ്രങ്ങളുടെ പരിസരങ്ങളിൽ ഇന്നു മേൽത്തരം കന്നുകൾ സുലഭമായി തീർന്നിട്ടുണ്ട്. ഇങ്ങനെ ഉല്പാദിപ്പിക്കുന്നതുകൊണ്ടു വലുതായ പ്രയോജനങ്ങൾ ഉണ്ടെന്നു താഴെ പറയുന്ന കാര്യങ്ങളിൽ നിന്നു ബോധപ്പെടുന്നതാണ്.

കൃത്രിമ കന്നുകാലി ഉൽപ്പാദനം കൊണ്ടുള്ള ഗുണങ്ങൾ.

(1) ചെറിയതരം പശുക്കളിൽനിന്നു കറവക്കൂടുതലും ഗുണമുള്ള മേത്തരം കന്നുകൾ ലഭിക്കാം. സാധാരണ രീതിയിൽ വലിയ കാളകളെ ചേർക്കാറില്ലല്ലോ.

(2) ഒരു കാളയിൽനിന്നും ഒരു തവണ ശേഖരിക്കപ്പെടുന്ന ബീജം നല്ല ശ്രദ്ധയോടെ സ്ഥിതിയിൽ 15 മുതൽ 18വരെ പശുക്കൾക്ക് ഗർഭോൽപ്പാദനത്തിന് മതിയാകുന്നതാണ്. തന്മൂലം വിത്തുകാളകൾക്ക് ക്ഷീണം സംഭവിക്കയില്ലെന്നു മാത്രമല്ല അവ ഇക്കാര്യത്തിൽ ദീർഘകാലം നമുക്ക് പ്രയോജനീഭവിക്കയും ചെയ്യും.

(3). ബീജം ശേഖരിക്കപ്പെടുന്ന കാളകൾ പരിശോധിക്കപ്പെട്ടവയാണെന്നുള്ളതിനാൽ അവയിൽനിന്നും പശുക്കൾക്ക് സാധാരണ സമ്പ്രദായത്തിൽ ഏർപ്പെടാവുന്നപോലെ രോഗം സംക്രമിക്കുമെന്ന സംശയിക്കേണ്ടതില്ല.

(4) വന്ധ്യതയുള്ള പശുക്കളെയും ചികിത്സിച്ച ശേഷം ഗർഭധാരണ യോഗ്യരാക്കുന്നതിന് ഈ രീതി ഫലിച്ചു കാണുന്നുണ്ട്.

(5) പാൽക്കറവ അധികമുള്ള പശുക്കളെ കിട്ടുമെന്നുള്ളതു കൊണ്ട് നാട്ടിൽ ക്ഷീര ദൗർലഭ്യം വരാതെ തടുക്കയും, അങ്ങനെ നാട്ടിലെ ആബാലവൃദ്ധം ജനങ്ങളെ കാലക്രമത്തിൽ ആരോഗ്യവാന്മാരാക്കിത്തീർക്കയും ചെയ്യാം. പാശ്ചാത്യ രാജ്യങ്ങൾ കന്നുകാലി വികസന പദ്ധതികളിൽ ഇന്നു വിജയിച്ചു നിൽക്കുകയാണ്. മാത്രമല്ല അവിടെ അമിതമായി ലഭിച്ചു വരുന്ന പാൽ, പൊടിയാക്കി അന്യ സ്ഥലങ്ങളിൽ അയച്ചുകൊടുക്കയും ചെയ്യുന്നു. അവരുടെ ഉൽപ്പതിഷ്ണുതയിൽ നാം അസൂയപ്പെടേണ്ടതാണ്.

നമ്മുടെ നാട്ടിലേക്കുള്ള കർഷകർ ഉണർന്നു പ്രവർത്തിക്കാൻ തുടങ്ങിക്കഴിഞ്ഞിട്ടില്ല. കർഷകരെ മേൽപ്പറഞ്ഞ വികസന പദ്ധതികൾ മൂലം ഉയർത്തുവാൻ നമ്മുടെ ഗവണ്മെന്റ പല തരത്തിലും പ്രയത്നിച്ചു വരുന്നു. മാതൃകാ ഗ്രാമപദ്ധതികളും അവയോടനുബന്ധിച്ച് കൃത്രിമ കന്നുകാലി ഉൽപ്പാദന കേന്ദ്രങ്ങളും സ്ഥാപിച്ചു ഓരോ കാര്യങ്ങൾക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചിരിക്കുന്നു. കന്നുകാലികളുടെ രോഗങ്ങൾ തടയുന്നതിലും, ആഹാരാദി ക്രമങ്ങൾ ശരിപ്പെടുത്തുന്നതിനും, കൃത്രിമമായി കന്നുകാലികളെ ഉൽപ്പാദിപ്പിക്കുന്നതിനും, സഹകരണ തത്വബോധത്തോടുകൂടി ക്ഷേമാഭിവൃദ്ധിക്കായി പ്രവർത്തിക്കയും, ഗ്രാമീണരെ ഏതൽ കാര്യങ്ങളിൽ ഉദ്ബുദ്ധരും ഉത്സുകരുമാക്കുവാൻ പ്രതിവർഷം കന്നുകാലി പ്രദർശനം നടത്തുകയും ചെയ്യുന്ന കാര്യത്തിൽ അധികാരികൾ ശ്രദ്ധ പതിപ്പിച്ചു വരുന്നു. എന്നാൽ എല്ലാ ഗ്രാമവാസികളും തങ്ങളുടെ യാഥാസ്ഥിതിക മനോഭാവം വെടിഞ്ഞ് കാലത്തിനനുസരണമായി അധികൃതരോട് സഹകരിച്ചു പ്രവർത്തിച്ചെങ്കിൽ മാത്രമേ ഉദ്ദിഷ്ടഫലം സിദ്ധിക്കയുള്ളൂ.

സി. രാമനാഥൻ,
ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ
ഇൻസ്പെക്ടർ.

നാഗർകോവിൽ,
9-12-1955.

Gazette No. 50 dated 20th December 1955.

PART III

NOTIFICATION.

No. L. 6-4616|55.

In exercise of the powers conferred under Section 102 of the Travancore-Cochin Panchayat Act II of 1950 and the Rule 188 of the Panchayat Rules 1951 the amendments to the bye-laws of Panchayats as detailed below are approved and notified by the Director of Local Bodies the same having been duly passed by the Panchayats concerned after observing all the formalities contemplated under Rule 118 of the Panchayat Rules 1951.

Office of the Director of
Local Bodies, Trivandrum,
5th December 1955.

P. K. ABDULLA,
Director of Local Bodies.

AMENDMENTS TO THE BYE-LAWS OF THE PANCHAYATS.

ALA PANCHAYAT.

In the bye-laws of the Ala Panchayat approved by the Director of Panchayats and published in the Gazette dated 12-1-54.

1. Delete clause 20.
2. Delete clause 37 and add the same provision as clause 63 under the last item "General".

ALANGAD PANCHAYAT.

In the bye-laws of the Alangad Panchayat approved by the Director of Panchayats and published in the Gazette dated 16-2-54.

1. Delete clause 20.
2. Delete clause 37 and add the same provision as clause 80 under the last item "General".

ALUR PANCHAYAT.

In the bye-laws of the Alur Panchayat approved by the Director of Panchayats and published in the Gazette dated 26-1-54.

1. Delete clause 20.
2. Delete clause 37 and add the same provision as clause 80 under the last item "General".

ARAMBOLI PANCHAYAT.

In the bye-laws of the Aramboli Panchayat approved by the Director of Panchayats and published in the Gazette dated 5-1-54.

1. Delete clause 20.
2. Delete clause 37 and add the same provision as clause 63 under the last item "General".

AYALORE PANCHAYAT.

In the bye-laws of the Ayalore Panchayat approved by the Director of Panchayats and published in the Gazette dated 13-4-54.

1. Delete clause 20.

AYYANTHOLE PANCHAYAT.

In the bye-laws of the Ayyanthole Panchayat approved by the Director of Panchayats and published in the Gazette dated 16-2-54.

1. Delete clause 20.

AYARKUNNAM PANCHAYAT.

In the bye-laws of the Ayarkunnam Panchayat approved by the Director of Panchayats and published in the Gazette dated 5-1-54

1. Delete clause 20.
2. Delete clause 37 and add the same provision as clause 80 under the last item "General".

BALARAMAPURAM PANCHAYAT.

In the bye-laws of the Balaramapuram Panchayat approved by the Director of Panchayats and published in the Gazette dated 21-6-55.

1. Delete clause 20.
2. Delete clause 37 and add the same provision as clause 80 under the last item "General".

CHATHANNUR PANCHAYAT.

In the bye-laws of the Chathannur Panchayat approved by the Director of Panchayats and published in the Gazette dated 12-1-54.

1. Delete clause 20.
2. Delete clause 37 and add the same provision as clause 80 under the last item "General".

CHENDAMANGALAM PANCHAYAT.

In the bye-laws of the Chendamangalam Panchayat approved by the Director of Panchayats and published in the Gazette dated 9-2-54

1. Delete clause 20.
2. Delete clause 37 and add the same provision as clause 37 under the last item "General".

CHERANELLUR PANCHAYAT.

In the bye-laws of the Cheranellur Panchayat approved by the Director of Panchayats and published in the Gazette dated 9-2-54.

1. Delete clause 37 and add the same provision as clause 80 under the last item "General".

CRANGANNUR PANCHAYAT.

In the bye-laws of the Crangannur Panchayat approved by the Director of Panchayats and published in the Gazette dated 5-1-53.

1. Delete clause 20.
2. Delete clause 37 and add the same provision under the last item "General".

ERAVIPEROOR PANCHAYAT.

In the bye-laws of the Eraviperoor Panchayat approved by the Director of Panchayats and published in the Gazette dated 5-1-54.

1. Delete clause 37 and add the same provision as clause 78A under the last item "General".

ETTUMANOOR PANCHAYAT.

In the bye-laws of the Ettumanoor Panchayat approved by the Director of Panchayats and published in the Gazette dated 16-2-54.

1. Delete clause 37 and add the same provision as clause under the last item "General".

EZHUMATTOOR PANCHAYAT.

In the bye-laws of the Ezhumattoor Panchayat approved by the Director of Panchayats and published in the Gazette dated 15-12-53.

1. Delete clause 20.
2. Delete clause 37 and add the same provision as clause 63 under the last item "General".

KADUNGALLUR PANCHAYAT.

In the bye-laws of the Kadungallur Panchayat approved by the Director of Panchayats and published in the Gazette dated 9-2-54.

1. Delete clause 20.
2. Delete clause 37 and add the same provision as clause 37 under the last item "General".

KANJIKUZHI PANCHAYAT.

In the bye-laws of the Kanjikuzhi Panchayat approved by the Director of Panchayats and published in the Gazette dated 12-1-54

1. Delete clause 37 and add the same provision as clause 80 under the last item "General".

KARAVARAM PANCHAYAT.

In the bye-laws of the Karavaram Panchayat approved by the Director of Panchayats and published in the Gazette dated

1. Delete clause 20.
2. Delete clause 37 and add the same provision under the last item "General".

KARTHIKAPPALLY PANCHAYAT.

In the bye-laws of the Karthikappally Panchayat approved by the Director of Panchayats and published in the Gazette dated 12-1-54.

1. Delete clause 20.
2. Delete clause 37 and add the same provision as clause 80 under the last item "General".

KAVIYOOR PANCHAYAT.

In the bye-laws of the Kaviyoor Panchayat approved by the Director of Panchayats and published in the Gazette dated 5-1-54.

1. Delete clause 20.
2. Delete clause 37 and add the same provision as clause 80 under the last item "General".

KIZHAKKUMBHAGAM PANCHAYAT.

In the bye-laws of the Kizhakkumbhagam Panchayat approved by the Director of Panchayats and published in the Gazette dated 12-1-54.

1. Delete clause 20.
2. Delete clause 37 and add the same provision as clause 78 under the last item "General".

KIZHAKAMPALAM PANCHAYAT.

In the bye-laws of the Kizhakampalam Panchayat approved by the Director of Panchayats and published in the Gazette dated 16-2-54.

1. Delete clause 20.
2. Delete clause 37 and add the same provision as clause 79 under the last item "General".

KOLLAYIL PANCHAYAT.

In the bye-laws of the Kollayil Panchayat approved by the Director of Panchayats and published in the Gazette dated 5-1-54

1. Delete clause 37 and add the same provision as clause 37 under the last item "General".

KOTTANAD PANCHAYAT.

In the bye-laws of the Kottanad Panchayat approved by the Director of Panchayats and published in the Gazette dated 12-1-54.

1. Delete clause 20.
2. Delete clause 37 and add the same provision as clause 63 under the last item "General".

KOTTARAKARA PANCHAYAT.

In the bye-laws of the Kottarakara Panchayat approved by the Director of Panchayats and published in the Gazette dated 26-1-54

1. Delete clause 20.
2. Delete clause 37 and add the same provision under the last item "General".

KOYIPRAM PANCHAYAT.

In the bye-laws of the Koyipram Panchayat approved by the Director of Panchayats and published in the Gazette dated 26-1-54

1. Delete clause 37 and add the same provision as clause 63 under the last item "General".

KUTTAPUZHA PANCHAYAT.

In the bye-laws of the Kuttapuzha Panchayat approved by the Director of Panchayats and published in the Gazette dated 28-6-55

1. Delete clause 20.
2. Delete clause 37 and add the same provision under the last item "General".

KUTHIATHODU PANCHAYAT.

In the bye-laws of the Kuthiathodu Panchayat approved by the Director of Panchayats and published in the Gazette dated 26-1-54

1. Delete clause 20.
2. Delete clause 37 and add the same provision as clause 80 under the last item "General".

MALA PANCHAYAT.

In the bye-laws of the Mala Panchayat approved by the Director of Panchayats and published in the Gazette dated 26-1-54

1. Delete clause 20.
2. Delete clause 37 and add the same provision as clause 80 under the last item "General".

MALLAPPALLY PANCHAYAT.

In the bye-laws of the Mallappally Panchayat approved by the Director of Panchayats and published in the Gazette dated 12-1-54

1. Delete clause 20.
2. Delete clause 37 and add the same provision as clause 80 under the last item "General".

MANNANCHERRY PANCHAYAT.

In the bye-laws of the Mannancherry Panchayat approved by the Director of Panchayats and published in the Gazette dated

1. Delete clause 20.
2. Delete clause 37 and add the same provision under the last item "General".

MANNAR PANCHAYAT.

In the bye-laws of the Mannar Panchayat approved by the Director of Panchayats and published in the Gazette dated

1. Delete clause 37 and add the same provision as clause 80 under the last item "General".

MUNDAKAYAM PANCHAYAT.

In the bye-laws of the Mundakayam Panchayat approved by the Director of Panchayats and published in the Gazette dated 9-2-54

1. Delete clause 20.
2. Delete clause 37 and add the same provision as clause 63 under the last item "General".

NANGIYARKULANGARA PANCHAYAT.

In the bye-laws of the Nangiyarkulangara Panchayat approved by the Director of Panchayats and published in the Gazette dated 12-1-54

1. Delete clause 20.
2. Delete clause 37 and add the same provision as clause 80 under the last item "General".

PACODE PANCHAYAT.

In the bye-laws of the Pacode Panchayat approved by the Director of Panchayats and published in the Gazette dated 5-1-54

1. Delete clause 20.
2. Delete clause 37 and add the same provision as clause 80 under the last item "General".

PAINGATTOOR PANCHAYAT.

In the bye-laws of the Paingattoor Panchayat approved by the Director of Panchayats and published in the Gazette dated 16-2-54

1. Delete clause 20.
2. Delete clause 37 and add the same provision as clause 80 under the last item "General".

PALLICHAL PANCHAYAT.

In the bye-laws of the Pallichal Panchayat approved by the Director of Panchayats and published in the Gazette dated 23-2-54

1. Delete clause 20.
2. Delete clause 37 and add the same provision as clause 63 under the last item "General".

PALODE PANCHAYAT.

In the bye-laws of the Palode Panchayat approved by the Director of Panchayats and published in the Gazette dated 15-12-53

1. Delete clause 20.
2. Delete clause 37 and add the same provision under the last item "General".

PARAKADAVU PANCHAYAT.

In the bye-laws of the Parakadavu Panchayat approved by the Director of Panchayats and published in the Gazette dated 9-2-54

1. Delete clause 37 and add the same provision as clause 80 under the last item "General".

POTHANICAD PANCHAYAT.

In the bye-laws of the Pothanicad Panchayat approved by the Director of Panchayats and published in the Gazette dated 15-12-53

1. Delete clause 20.
2. Delete clause 37 and add the same provision as clause 80 under the last item "General".

PULIYARAI PANCHAYAT.

In the bye-laws of the Puliyarai Panchayat approved by the Director of Panchayats and published in the Gazette dated 15-12-53

1. Delete clause 20.
2. Delete clause 37 and add the same provision as clause 60 under the last item "General".

RANNI-PERUNAD PANCHAYAT.

In the bye-laws of the Ranni-Perunad Panchayat approved by the Director of Panchayats and published in the Gazette dated 12-1-54

1. Delete clause 20.
2. Delete clause 37 and add the same provision as clause 80 under the last item "General".

SREEKARIYAM PANCHAYAT.

In the bye-laws of the Sreekariyam Panchayat approved by the Director of Panchayats and published in the Gazette dated 9-2-54

1. Delete clause 20.
2. Delete clause 37 and add the same provision as clause 63 under the last item "General".

THOTTAPUZHASERY PANCHAYAT.

In the bye-laws of the Thottapuzhasery Panchayat approved by the Director of Panchayats and published in the Gazette dated 5-1-54

1. Delete clause 20.
2. Delete clause 37 and add the same provision as clause 63 under the last item "General".

THRIPPILAZHIKOM PANCHAYAT.

In the bye-laws of the Thrippilazhikom Panchayat approved by the Director of Panchayats and published in the Gazette dated 15-12-53

1. Delete clause 20.
2. Delete clause 37 and add the same provision as clause 62 under the last item "General".

THUMPAMON PANCHAYAT.

In the bye-laws of the Thumpamon Panchayat approved by the Director of Panchayats and published in the Gazette dated 5-1-54

1. Delete clause 20.
2. Delete clause 37 and add the same provislen as clause 80 under the last item "General".

THURAVOOR PANCHAYAT.

In the bye-laws of the Thuravoor Panchayat approved by the Director of Panchayats and published in the Gazette dated 28-6-55

1. Delete clause 20.

UMMANNOOR PANCHAYAT.

In the bye-laws of the Ummannoor Panchayat approved by the Director of Panchayats and published in the Gazette dated 12-1-54

1. Delete clause 20.
2. Delete clause 37 and add the same provision as clause 80 under the last item "General".

VADAKKEVILA PANCHAYAT.

In the bye-laws of the Vadakkevila Panchayat approved by the Director of Panchayats and published in the Gazette dated 28-6-55

1. Delete clause 20.
2. Delete clause 37 and add the same provision as clause 80 under the last item "General".

VADASERIKARA PANCHAYAT.

In the bye-laws of the Vadaserikara Panchayat approved by the Director of Panchayats and published in the Gazette dated 5-1-54

1. Delete clause 20.
2. Delete clause 37 and add the same provision as clause 80 under the last item "General".

VARAVOOR PANCHAYAT.

In the bye-laws of the Varavoor Panchayat approved by the Director of Panchayats and published in the Gazette dated 15-6-54

1. Delete clause 20.
2. Delete clause 37 and add the same provision as clause 80 under the last item "General".

VARANDARAPPILLY PANCHAYAT.

In the bye-laws of the Varandarappilly Panchayat approved by the Director of Panchayats and published in the Gazette dated 9-2-54

1. Delete clause 20.
2. Delete clause 37 and add the same provision as clause 100 under the last item "General".

VELLANGALLUR PANCHAYAT.

In the bye-laws of the Vellangallur Panchayat approved by the Director of Panchayats and published in the Gazette dated 26-1-54

1. Delete clause 20.
2. Delete clause 37 and add the same provision as clause 73 under the last item "General".

VELUR PANCHAYAT.

In the bye-laws of the Velur Panchayat approved by the Director of Panchayats and published in the Gazette dated 26-1-54

1. Delete clause 20.

VILVATTAM PANCHAYAT.

In the bye-laws of the Vilvattam Panchayat approved by the Director of Panchayats and published in the Gazette dated 26-1-54

1. Delete clause 20.
2. Delete clause 37 and add the same provision as clause 63 under the last item "General".

WADAKANCHERY PANCHAYAT.

In the bye-laws of the Wadakanchery Panchayat approved by the Director of Panchayats and published in the Gazette

1. Delete clause 20.
2. Delete clause 37 and add the same provision under the last item "General".

WEST-KALLADA PANCHAYAT.

In the bye-laws of the West-Kallada Panchayat approved by the Director of Panchayats and published in the Gazette 5-1-54

1. Delete clause 37 and add the same provision under the last item "General".